## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2477 — 12/06/2018-ൽ മറുപടിക്ക്

## പോത്തൻകോട് - കാട്ടാക്കട 220 കെ. വി. ലൈൻ

| | ചോദ്യം<br>**ശ്രീ.എം. വിൻസെന്റ്** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പോത്തൻകോട് - കാട്ടാക്കട 220 കെ. വി. ഹൈ ട്രാൻസ്മിഷൻ ലൈനിന്റെ സർവ്വേ നടപടികൾ എന്നാണ് പൂർത്തീകരിച്ചതെന്നും പ്രസ്തുത സർവ്വേയിൽ ഏതെല്ലാം സർക്കാർ വകുപ്പുകൾ പങ്കെടുത്തിരുന്നുവെന്നും അന്തിമ റൂട്ടിനെ സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട റവന്യൂ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരുന്നോയെന്നും അറിയിക്കുമോ; കൈമാറിയിട്ടുണ്ടെങ്കിൽ പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | പോത്തൻകോട്-കാട്ടാക്കട 220 കെ.വി. ഹൈട്രാൻസ്മിഷൻ ലൈനിന്റെ സർവ്വെ നടപടികൾ 2007-2009 കാലഘട്ടത്തിലാണ് പൂർത്തീകരിച്ചത്. ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 1948 ഉം, ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് 1855 പ്രകാരവും കെ.എസ്.ഇ.ബി.ലിമിറ്റഡ് മാത്രമായിട്ടാണ് പ്രസ്തുത ലൈനിന്റെ സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്. അന്തിമ റൂട്ടിനെ സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട റവന്യൂ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ല. എന്നാൽ പ്രസ്തുത റൂട്ടിൽ പ്രദേശവാസികളുടെ തർക്കം ഉണ്ടായ സ്ഥലങ്ങളിൽ അന്തിമ റൂട്ട് വിവരങ്ങൾ ബഹുമാനപ്പെട്ട അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ജനവാസ കേന്ദ്രങ്ങളെയും ബഹുനില കെട്ടിടങ്ങളെയും ഒഴിവാക്കിയാണോ പ്രസ്തുത ഹൈ ട്രാൻസ്മിഷൻ ലൈനിന്റെ അന്തിമ റൂട്ട് തയ്യാറാക്കിയത്; | (ബി) | ജനവാസകേന്ദ്രങ്ങളെയും ബഹുനില കെട്ടിടങ്ങളെയും കഴിയുന്നത്ര ഒഴിവാക്കിയാണ് പ്രസ്തുത 220 കെ.വി.ഹൈട്രാൻസ്മിഷൻ ലൈനിന്റെ അന്തിമ റൂട്ട് തയ്യാറാക്കിയിട്ടുള്ളത് |
| (സി) | തിരുവനന്തപുരം താലൂക്കിൽ പോത്തൻകോട് സബ് ഡിവിഷനിൽ ഉഴിയഴത്തുറ വില്ലേജിൽ സർവ്വേ നമ്പർ 29/12 ൽ തണ്ടപ്പേർ നമ്പർ | (സി) | പ്രസ്തുത വസ്തുവിൽ കൂടി 220 കെ.വി.ഇ.എച്ച്.റ്റി. ലൈൻ പോകുന്നുണ്ടെന്ന വിവരം ഈ ബഹുനില അപ്പാർട്ട്മെന്റിന്റെ നിർമ്മാണം ശ്രദ്ധയിൽപ്പെട്ടപ്പോൾ |

(- 2)

| | | | |
|---|---|---|---|
| | 21967 ൽ വരുന്ന 15.61 ആർ അളവുള്ള വസ്തുവിൽ കൂടി പ്രസ്തുത ലൈൻ കടന്നു പോകുന്നുണ്ടെന്ന വിവരം തിരുവനന്തപുരം കോർപ്പറേഷൻ അധികാരികളെ അറിയിച്ചിരുന്നുവോ; | | കോർപ്പറേഷൻ അധികാരികളെ രേഖാമൂലം (കത്ത് നമ്പർ. DB/LCSD-KTDA/2014-15/55 dated 03.03.2015) അറിയിച്ചിരുന്നു. |
| (ഡി) | പ്രസ്തുത വസ്തുവിൽ 220 കെ. വി. ഹൈ ട്രാൻസ്മിഷൻ ലൈൻ കടന്നുപോകുന്നതിന്റെ റൈറ്റ് ഓഫ് വേയിൽ നിർമ്മിച്ചിരിക്കുന്ന ബഹുനില അപ്പാർട്ട്മെന്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനം കെ. എസ്. ഇ. ബി. യുടെ ശ്രദ്ധയിൽ വന്നത് എപ്പോഴാണെന്ന് തീയതി സഹിതം വ്യക്തമാക്കുമോ; | (ഡി) | പ്രസ്തുത വസ്തുവിൽ 220 കെ.വി. ഇ.എച്ച്. റ്റി. ലൈൻ കടന്നു പോകുന്നതിന്റെ റൈറ്റ് ഓഫ് വേയിൽ നിർമ്മിച്ചിരിക്കുന്ന ബഹുനില അപ്പാർട്ട്മെന്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനം കെ.എസ്.ഇ.ബി.യുടെ ശ്രദ്ധയിൽപ്പെട്ടത് 03.03.2015-ലാണ്. |
| (ഇ) | ഇപ്രകാരമുള്ള ബഹുനില കെട്ടിടങ്ങൾ ട്രാൻസ്മിഷൻ ലൈനിന്റെ റൈറ്റ് ഓഫ് വേയിൽ പണിയുയർത്തിയത് അനുവദനീയമാണോ; അല്ലെങ്കിൽ ആയത് തടയുന്നതിനുള്ള എന്തെങ്കിലും നടപടി കെ. എസ്. ഇ. ബി. സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ഇ) & (എഫ്) | ഇപ്രകാരം ബഹുനില കെട്ടിടങ്ങൾ റൈറ്റ് ഓഫ് വേയിൽ പണി ഉയർത്തിയത് ശ്രദ്ധയിൽപ്പെട്ടാൽ നിർമ്മാണം നിയന്ത്രിക്കുകയും ഉടമസ്ഥർക്ക് നോട്ടീസ് നൽകുകയും ചെയ്യും. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേർസ് റിലേറ്റിംഗ് റ്റ സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2010-ൽ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ അകലങ്ങൾ പാലിച്ചാൽ പ്രസ്തുത വിവരം ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ അറിയിക്കുകയും അദ്ദേഹത്തിന്റെ ഉത്തരവിന്മേൽ ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ അനുവദിക്കുന്നതാണ്.<br><br>പോത്തൻകോട്-കാട്ടാക്കട 220 കെ.വി. ഇ.എച്ച്.റ്റി.ലൈൻ പ്രസ്തുത അപ്പാർട്ട്മെന്റ് നിൽക്കുന്ന പ്രദേശത്തുകൂടി കടന്നു പോകുന്ന വിവരം 2002-ൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ലൈൻ നിർമ്മാണ പ്രവർത്തനങ്ങൾ 2009 നവംബർ മാസം ആരംഭിക്കുകയും ചെയ്തു. ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ പല ലൊക്കേഷനുകളിൽ പല ഘട്ടങ്ങളിലായി ഫൌണ്ടേഷൻ നിർമ്മാണം മുതൽ ലൈൻ വലിക്കൽ വരെയുള്ള പ്രവർത്തികൾ നടന്നത്. പ്രസ്തുത അപ്പാർട്ടുമെന്റ് നിൽക്കുന്നത് AP62, AP61A എന്നീ ടവറുകളുടെ ഇടയിലാണ്. ഇതിൽ AP62-ന്റെ ഇറക്ഷൻ ഒക്ടോബർ മാസം |
| (എഫ്) | പ്രസ്തുത അപ്പാർട്ട്മെന്റ് സ്ഥിതി ചെയ്യുന്ന വസ്തുവിന് കിഴക്ക് ഭാഗത്തും പടിഞ്ഞാറ് ഭാഗത്തും കെ. എസ്. ഇ. ബി. നിർമ്മിച്ച ടവറുകളുടെ നിർമ്മാണ പ്രവർത്തനം എന്നാണ് ആരംഭിച്ചതെന്നും പൂർത്തീകരിച്ചത് എന്നാണെന്നും ടവറുകൾ തമ്മിൽ കേബിൾ മുഖാന്തിരം ബന്ധിപ്പിച്ചത് എന്നാണെന്നും അറിയിക്കുമോ? | | |

( - 3)

| | | | |
|---|---|---|---|
| | | | 2011-ൽ ആരംഭിക്കുകയും നവംബർ മാസം 2011-ൽ അവസാനിക്കുകയും ചെയ്തു. എന്നാൽ AP61A-യുടെ നിർമ്മാണം 2016 ഒക്ടോബറിൽ ആരംഭിക്കുകയും 2016 നവംബറിൽ അവസാനിക്കുകയും ചെയ്തു. രണ്ടു ടവറുകൾക്കിടയിലുള്ള ലൈൻ വലിക്കൽ 2017 ജനുവരി മാസം പൂർത്തിയായെങ്കിലും പ്രസ്തുത ലൈൻ കമ്മീഷൻ ചെയ്തത് 06.07.2017-ൽ ആണ്. |

സെക്ഷൻ ഓഫീസർ